**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3864 — 11.11.2019 ൽ മറുപടിക്ക്

## വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി നൂതന പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ്<br>,, ഐ.ബി. സതീഷ്<br>,, ആന്റണി ജോൺ<br>,, മുരളി പെരുനെല്ലി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ആരോഗ്യരംഗത്ത് സവിശേഷ പ്രാധാന്യം നൽകി ശ്രദ്ധിക്കേണ്ട മേഖലകൾ ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രത്യേക ആരോഗ്യസ്ഥിതി വിശേഷം മുന്നിൽക്കണ്ട് ജീവിതശൈലീരോഗങ്ങൾ, വയോജന ആരോഗ്യം, മാനസിക ആരോഗ്യം, ട്രോമാകെയർ, സാന്ത്വന പരിചരണം, പുതിയ സാംക്രമിക രോഗ നിയന്ത്രണം എന്നിവയാണ് പ്രത്യേക പരിഗണന നൽകി ശ്രദ്ധിക്കേണ്ട വിഷയങ്ങൾ. |
| (ബി) | വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി സർക്കാർ നടപ്പാക്കിയ നൂതന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ; | (ബി) | സംസ്ഥാന ആരോഗ്യ വകുപ്പിനും, ദേശീയ ആരോഗ്യ മിഷനും കീഴിൽ എൻ.പി.എച്ച്.സി.ഇ. പദ്ധതിയിലൂടെയും നിരവധി വയോജന ആരോഗ്യ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആരോഗ്യ വകുപ്പിന്റെ കീഴിൽ വയോജന ആരോഗ്യ പദ്ധതിയിലൂടെ ആശുപത്രികളെ വയോജന സൗഹൃദമാക്കുന്നതിനുള്ള ഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സേവനങ്ങൾ ശാക്തീകരിക്കുന്നതിനും മാനവശേഷി വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി പ്രധാന ആശുപത്രികളിൽ ജീറിയാട്രിക് വാർഡുകൾ, ജീറിയാട്രിക് ഒ.പി., വയോജന സൗകര്യ ശൗച്യാലയങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.എച്ച്.സി.ഇ.-യുടെ സഹായത്തോടെ ഡോക്ടർമാരുടെയും സ്റ്റാഫ് നേഴ്സുമാരുടെയും ഫിസിയോതെറാപ്പിസ്റ്റുകളേയും വിന്യസിപ്പിക്കുകയും പ്രധാന ആശുപത്രികളിൽ ജീറിയാട്രിക് ഒ.പി./ഐ.പി., ഫിസിയോതെറാപ്പി എന്നിവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വയോജനങ്ങൾക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും സൗജന്യമായിട്ടാണ് ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നത്. |

| | | | |
|---|---|---|---|
| (സി) | അതിന്റെ ഭാഗമായി വൃദ്ധജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങളുടെ സങ്കീർണ്ണത കണക്കിലെടുത്ത് ഒരു സമഗ്ര വൃദ്ധാരോഗ്യ സംരക്ഷണ പരിപാടി (കോംപ്രഹെൻസീവ് ജിറിയാട്രിക് ഹെൽത്ത് കെയർ പ്രോഗ്രാം) ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട്. സംസ്ഥാനത്ത് സാന്ത്വന പരിചരണത്തിനും വയോജന ആരോഗ്യത്തിനും ഒരു സമഗ്ര നയം രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ജില്ലാ ആശുപത്രികളിൽ വൃദ്ധസൗഹൃദ വാർഡുകൾ ഒരുക്കുന്നതിനും വൃദ്ധജനാരോഗ്യ ചികിത്സയിൽ വൈദഗ്ധ്യമുള്ളവരെ നിയോഗിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ആരോഗ്യ വകുപ്പിനു കീഴിലുള്ള പ്രധാന ആശുപത്രികളിൽ ജീറിയാട്രിക് കെയർ വാർഡുകൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വകുപ്പിന്റെ കീഴിൽ Elderly Care Fund, ദേശീയ ആരോഗ്യ മിഷനു കീഴിലുള്ള നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് C/o Elderly എന്നീ പദ്ധതികളുടെ ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. 10 കിടക്കയുള്ള വാർഡുകൾ സജ്ജീകരിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഭൗതീക സൗകര്യങ്ങൾ, ഫിസിയോതെറാപ്പി, സ്ട്രോക്ക് റീഹാബിലിറ്റേഷൻ, ആർത്രൈറ്റിസ് ക്ലിനിക് തുടങ്ങിയ സാങ്കേതിക സേവനങ്ങൾ ക്ലിനിക്കുകളിൽ ലഭ്യമാക്കുന്നുണ്ട്. ദേശീയ ആരോഗ്യ ദൗത്യം മുഖേന മെഡിക്കൽ ആഫീസർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ ഈ ആശുപത്രികളിൽ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ